2024 AUGUST
21
WEDNESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper






## കുറഞ്ഞ നിരക്കിൽ വിമാന ടിക്കറ്റ്: പ്രവാസികൾക്ക് പ്രതീക്ഷയായി പുതിയ എയർലൈൻ

**ദുബായ്:** അമിതമായ വിമാന ടിക്കറ്റ് നിരക്കുമൂലം ദുരിതമനുഭവിക്കുന്ന ഗൾഫ് മേഖലയിലെ പ്രവാസി ഇന്ത്യക്കാർക്ക് പ്രതീക്ഷയുടെ ചിറകുകൾ നൽകി യുഎയിലെ മലയാളി സംരംഭകൻ. സ്വന്തമായി എയർലൈൻ കമ്പനി തുടങ്ങാനുള്ള അൽ ഹിന്ദ് ഗ്രൂപ്പ് ചെയർമാൻ മുഹമ്മദ് ഹാരിസിൻറെ പരിശ്രമങ്ങൾ അവസാന ഘട്ടത്തിലാണ്.

അടുത്ത വർഷം ജനുവരിയോടെ ആദ്യ വിമാനം പറന്നുയരുമെന്നാണ് പ്രതീക്ഷ. ഇന്ത്യയിൽ ആഭ്യന്തര സർവീസ് തുടങ്ങാനുള്ള അനുമതി അൽ ഹിന്ദിന് ലഭിച്ചുകഴിഞ്ഞു. കഴിഞ്ഞ ദിവസം കൊച്ചി വിമാനത്താവള അധികൃതരുമായി നടത്തിയ കൂടിക്കാഴ്ചയിൽ ലാൻഡിങ്ങ് അനുമതിക്ക് വേണ്ട എല്ലാ രേഖകളും സമർപ്പിച്ചു.

ആദ്യ ഘട്ടത്തിൽ മൂന്ന് എടിആർ 72 ടർബോപ്രോപ് വിമാനങ്ങളുമായി ഇന്ത്യൻ നഗരങ്ങളിലേക്കാണ് സർവീസ്. ഒന്നര വർഷത്തിനുള്ളിൽ 20 വിമാനങ്ങളുമായി അന്തർദേശീയ സർവീസ് തുടങ്ങാനാണ് അൽ ഹിന്ദ് ഗ്രൂപ്പ് ലക്ഷ്യമിടുന്നത്.

ആദ്യ അന്തർദേശിയ ഡെസ്റ്റിനേഷൻ യുഎഇ ആയിരിക്കുമെന്ന് മുഹമ്മദ് ഹാരിസ് അഭിമാനത്തോടെ പറയുന്നു. പ്രവാസികൾക്ക് കുറഞ്ഞ നിരക്കിൽ ടിക്കറ്റ് ലഭ്യമാക്കുക എന്നതാണ് ലക്ഷ്യമെന്നും അദ്ദേഹം വ്യക്തമാക്കി. ഇന്ത്യയിലെ സിവിൽ ഏവിയേഷൻ വകുപ്പ് മന്ത്രിയും ഡയറക്ടർ ജനറലും പൂർണ പിന്തുണ നൽകുന്നുണ്ടെന്നും അൽ ഹിന്ദ് ചെയർമാൻ.

അൽ ഹിന്ദിൻറെ എയർലൈൻ കമ്പനിയുടെ ആസ്ഥാനം കൊച്ചിയായിരിക്കും എന്നാണ് റിപ്പോർട്ട്. ഇരുപത് വർഷത്തോളമായി യുഎയിലെ ട്രാവൽ ആൻഡ് ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന ഗ്രൂപ്പിന് എട്ട് മില്യൺ ദിർഹത്തിൻറെ വാർഷിക വിറ്റുവരവുണ്ട്.

# മെഡിക്കൽ മേഖലയ്ക്ക് സുപ്രീം സുരക്ഷ, പ്രശ്നപരിഹാരത്തിന് 9 അംഗ ദൗത്യസംഘം

### മേധാവി നാവികസേന മെഡിക്കൽ ഡയറക്ടർ

**ന്യൂഡൽഹി:** രാജ്യത്തെ മെഡിക്കൽ പ്രൊഫഷണലുകളുടെ സുരക്ഷാ സംവിധാനത്തിലെ പോരായ്മകൾ കണ്ടെത്തി പരിഹാരം നിർദേശിക്കാൻ നാവിക സേനയിലെ മെഡിക്കൽ സർവീസസ് ഡയറക്ടർ ജനറൽ അദ്ധ്യക്ഷയായി ഒൻപതംഗ ദൗത്യസംഘത്തെ സുപ്രീം കോടതി നിയോഗിച്ചു.

വൈസ് അഡ്മിറൽ ഡോ. ആർതി സരിനാണ് സംഘം മേധാവി. അനൗദ്യോഗിക അംഗങ്ങളായി കേന്ദ്ര കാബിനറ്റ് സെക്രട്ടറി ഉൾപ്പെടെ അഞ്ച് ഉന്നത ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി.



മെഡിക്കൽ പ്രൊഫഷണലുകളുടെ സുരക്ഷയും ക്ഷേമവും രാജ്യതാത്പര്യവുമായി ബന്ധപ്പെട്ട വിഷയമാണെന്നും ഇനിയൊരു ബലാത്സംഗമോ കൊലപാതകമോ സംഭവിക്കുന്നതുവരെ നോക്കിയിരിക്കാനാവില്ലെന്നും കോടതി നിലപാടെടുത്തു.കൊൽക്കത്തയിൽ പി.ജി ഡോക്ടർ മാനഭംഗത്തിന് ഇരയായി കൊല്ലപ്പെട്ട പശ്ചാത്തലത്തിലാണ് ഇടപെടൽ.പ്രശ്നമുണ്ടായ ആശുപത്രിക്കും ഹോസ്റ്റലിനും സി.ഐ.എസ്.എഫ് സുരക്ഷ ഏർപ്പെടുത്താനുള്ള നടപടികൾ ഉടൻ സ്വീകരിക്കാമെന്ന് കേന്ദ്രം അറിയിച്ചു.അന്വേഷണപുരോഗതി വ്യക്തമാക്കി സി.ബി.ഐ നാളെ തൽസ്ഥിതി റിപ്പോർട്ട് നൽകണം.

ആശുപത്രിയിലെ അക്രമസംഭവത്തിൽ ബംഗാൾ സർക്കാരും നാളെ റിപ്പോർട്ട് നൽകണം.സംഭവവുമായി ബന്ധപ്പെട്ട് സ്വമേധയാ എടുത്ത കേസിലാണ് ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ്, ജസ്റ്റിസുമാരായ ജെ.ബി. പർദിവാല, മനോജ് മിശ്ര എന്നിവരടങ്ങിയ ബെഞ്ചിന്റെ നടപടികൾ. നാളെ വീണ്ടും പരിഗണിക്കും.

## രാജ്യസഭാ തിരഞ്ഞെടുപ്പ്: കേന്ദ്രമന്ത്രി ജോർജ് കുര്യൻ മധ്യപ്രദേശിൽനിന്ന് മത്സരിക്കും

**ന്യൂഡൽഹി:** രാജ്യസഭാ തിരഞ്ഞെടുപ്പിൽ കേന്ദ്രമന്ത്രി ജോർജ് കുര്യൻ മധ്യപ്രദേശിൽനിന്ന് മത്സരിക്കും. ലോക്സഭാ തിരഞ്ഞെടുപ്പിൽ തൃശൂരിൽനിന്നു വിജയിച്ച സുരേഷ് ഗോപിയെ കൂടാതെ ജോർജ് കുര്യനും കേരളത്തിൽ നിന്നു കേന്ദ്രമന്ത്രിസഭയിൽ അംഗമായിരുന്നു. സത്യപ്രതിജ്ഞയ്ക്ക് തൊട്ടുമുന്നേയാണ് ജോർജ് കുര്യനെ മന്ത്രിസഭാംഗം ആകാൻ പ്രധാനമന്ത്രി ക്ഷണിച്ചത്. ഫിഷറീസ്, മൃഗസംരക്ഷണം, ക്ഷീര, ന്യൂനപക്ഷകാര്യ വകുപ്പുകളുടെ സഹമന്ത്രി സ്ഥാനമാണ് അദ്ദേഹം വഹിക്കുന്നത്.



രാജ്യസഭാ തിരഞ്ഞെടുപ്പിലേക്കുള്ള 9 സ്ഥാനാർഥികളുടെ പട്ടിക ബിജെപി പ്രഖ്യാപിച്ചു. മറ്റൊരു കേന്ദ്രമന്ത്രിയായ രവനീത് സിങ് ബിട്ടു രാജസ്ഥാനിൽ നിന്നാകും മത്സരിക്കുക. കോൺഗ്രസ് നേതാവും ആലപ്പുഴ എംപിയുമായ കെ.സി. വേണുഗോപാൽ ഒഴിഞ്ഞ രാജ്യസഭാ സീറ്റിലാണ് രാജസ്ഥാനിലെ മത്സരം.മധ്യപ്രദേശ്, രാജസ്ഥാൻ, അസം, ബിഹാർ, ഹരിയാന, മഹാരാഷ്ട്ര, ഒഡീഷ, ത്രിപുര എന്നീ സംസ്ഥാനങ്ങളിലാണ് രാജ്യസഭാ തിരഞ്ഞെടുപ്പ് നടക്കുന്നത്. അസമിൽ രണ്ട് സീറ്റുകളിൽ ഒഴിവുണ്ട്.

# അതിശക്തമായ മഴ തുടരും; ഇന്ന് ആറ് ജില്ലകളിൽ ഓറഞ്ച് അലർട്ട്

**തിരുവനന്തപുരം:** സംസ്ഥാനത്ത് അതിശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് ആറ് ജില്ലകളിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്.

പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിലാണ് ഓറഞ്ച് അലർട്ട് പുറപ്പെടുവിച്ചിരിക്കുന്നത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, പാലക്കാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ യെല്ലോ അലർട്ടും നൽകിയിട്ടുണ്ട്.

തെക്ക് കിഴക്കൻ അറബിക്കടലിനും ലക്ഷദ്വീപിനും മുകളിലായി ചക്രവാതച്ചുഴി രൂപപ്പെട്ടിട്ടുണ്ട്. വടക്കൻ തമിഴ്നാടിനും തെക്കൻ ആന്ധ്രാ പ്രദേശിനും മുകളിലായി മറ്റൊരു ചക്രവാതച്ചുഴി സ്ഥിതിചെയ്യുന്നു.

മധ്യ കിഴക്കൻ അറബിക്കടൽ മുതൽ മാലദ്വീപ് വരെ ന്യൂനമർദ പാത്തി സ്ഥിതിചെയ്യുന്നു. ഇതിൻറെ ഫലമായാണ് സംസ്ഥാനത്ത് മഴ ശക്തിപ്രാപിക്കുന്നത്.





സൊസൈറ്റി ടുഡേ
SOCIETY TODAY




ശതാഭിഷിക്തനായ മലയാള ചലച്ചിത്ര സംഗീത സംവിധായകൻ ജെറി അമൽദേവിനെ മലയാളചലച്ചിത്ര പിന്നണി ഗായകരുടെ സംഘടനയായ ' സമം ' കലൂർ ഐഎംഎ ഹൗസിൽ ആദരിച്ചപ്പോൾ ഗായിക കെ എസ് ചിത്ര ജെറി അമൽദേവിന്റെ കാൽതൊട്ട് വന്ദിക്കുന്നു.ജ്യോൽസന, സുദീപ്കുമാർ, ലതിക, കെ. ജി മാർക്കോസ്, രവിശങ്കർ,കൃഷ്ണചന്ദ്രൻ,രാജശ്രീ തുടങ്ങിയവർ സമീപം

# സംഗീത സംവിധായകൻ ജെറി അമൽദേവിനെ ആദരിച്ചു

**കൊച്ചി :** ശതാഭിഷിക്തനായ മലയാള ചലച്ചിത്ര സംഗീത സംവിധായകൻ ജെറി അമൽദേവിന് ആദരമൊരുക്കി മലയാള പിന്നണി ഗായകരുടെ സംഘടനയായ ' സമം ' .കൊച്ചിൻ ഐഎംഎയുടെ സഹകരണത്തോടെ പബ്ലിക് റിലേഷൻസ് കൗൺസിൽ ഓഫ് ഇന്ത്യ(പിആർസി ഐ) കൊച്ചിൻ ചാപ്റ്റർ, ഡയമണ്ട് സ്പൂൺ പ്രീമിയം വെഡ്ഡിംഗ് എന്നിവരുമായി ചേർന്ന് കലൂർ ഐഎംഎ ഹൗസിൽ നടന്ന ആദരിക്കൽ ചടങ്ങിൽ ഗായകരായ ഡോ. കെ എസ് ചിത്ര, കെ ജി മാർക്കോസ്,കൃഷ്ണ ചന്ദ്രൻ, ലതിക എന്നിവർ ചേർന്ന് സമത്തിന്റെ ഉപഹാരം കൈമാറി ആദരിച്ചു. ഡോ. കെ എസ് ചിത്ര, മ്യൂസിക് ആസോസിയേഷൻ, പബ്ലിക് റിലേഷൻസ് കൗൺസിൽ ഓഫ് ഇന്ത്യ(പിആർസിഐ) എന്നിവരും ജെറി അമൽദേവിനെ ഉപഹാരം നൽകി ആദരിച്ചു. മാക്ട ഫെഡറേഷൻ ജനറൽ സെക്രട്ടറിയും സംവിധായകനുമായ എം. പത്മകുമാർ, നടൻ ശങ്കർ, ഗായകൻ കെ.ജി മാർക്കോസ് തുടങ്ങിയവർ സംസാരിച്ചു. ജെറി അമൽദേവ് സംഗീത സംവിധാനം നിർവ്വഹിച്ച സൂപ്പർ ഹിറ്റ് ഗാനങ്ങൾ കോർത്തിണക്കിക്കൊണ്ട് സമത്തിന്റെ നേതൃത്വത്തിൽ ഒരുക്കിയ സാന്ദ്രലയം സംഗീത പരിപാടിയും നടന്നു.

ഡോ കെ എസ് ചിത്ര , കെ.ജി മാർക്കോസ് , വിജയ് യേശുദാസ്, ജ്യോൽസന,അഫ്സൽ, സുദീപ്കുമാർ,രാജശ്രീ, ഉൾപ്പെടെയുള്ള ഗായകർ ജെറി അമൽദേവിന് അദരമർപ്പിച്ച് ഗാനങ്ങൾ ആലപിച്ചു.




ശതാഭിഷിക്തനായ മലയാള ചലച്ചിത്ര സംഗീത സംവിധായകൻ ജെറി അമൽദേവിനെ മലയാളചലച്ചിത്ര പിന്നണി ഗായകരുടെ സംഘടനയായ ' സമം ' കലൂർ ഐഎംഎ ഹൗസിൽ ആദരിച്ചപ്പോൾ.ജ്യോൽസന, ബേണി, സുദീപ് കുമാർ, കെ.ജി മാർക്കോസ്, ടി. എസ് രാധാകൃഷ്ണൻ,നടൻ ശങ്കർ, രവി ശങ്കർ, സംഗീത സംവിധായകൻ ശരത്, കെ എസ് ചിത്ര, ലതിക,കൃഷ്ണചന്ദ്രൻ തുടങ്ങിയവർ സമീപം

# ആലപ്പുഴ ജില്ലാ ബാസ്കറ്റ്ബോൾ സീനിയർ ലീഗ് ചാമ്പ്യൻഷിപ്പ് ആരംഭിച്ചു

**ആലപ്പുഴ:** എൻ.സി. ജോൺ എവർ റോളിംഗ് ട്രോഫിക്കു വേണ്ടിയുള്ള ആലപ്പുഴ ജില്ലാ ബാസ്കറ്റ്ബോൾ സീനിയർ ലീഗ് ചാമ്പ്യൻഷിപ്പ് വൈഎംസിഎ ഇൻഡോർ ബാസ്കറ്റ്ബോൾ കോംപ്ലക്സിൽ ആരംഭിച്ചു.



ആലപ്പി ഡിസ്ട്രിക്ട് ബാസ്കറ്റ്ബോൾ അസോസിയേഷൻ (എഡിബിഎ) സംഘടിപ്പിക്കുന്ന ചാമ്പ്യൻഷിപ്പ് ആലപ്പുഴ രൂപതാ ബോർഡ് ഓഫ് എഡ്യൂക്കേഷൻ ചെയർമാനും കോർപ്പറേറ്റ് മാനേജരുമായ ഫാ. നെൽസൺ തൈപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. വൈഎംസിഎ സ്പോർട്സ് ഡയറക്ടർ ജോൺ ജോർജ് അധ്യക്ഷത വഹിച്ചു.

കെബിഎ അസോസിയേറ്റ് സെക്രട്ടറി റോണി മാത്യു, എഡിബിഎ സെക്രട്ടറി ബി. സുഭാഷ്, പിആർഒ തോമസ് മത്തായി കരിക്കംപള്ളിൽ, വൈഎംസിഎ വൈസ് പ്രസിഡന്റ് സുനിൽ മാത്യു ഏബ്രഹാം, ജനറൽ സെക്രട്ടറി ഏബ്രഹാം കുരുവിള, ഒബ്സെർവർ ടി. ജയമോഹൻ, ജോസ് സേവ്യർ, ബിനു മനോഹരൻ, ജെയ്സൺ നേരോത്ത്, പി.എ. അൽഫോൻസ് തുടങ്ങിയവർ പങ്കെടുത്തു. സബ് ജൂനിയർ ഗേൾസ് സംസ്ഥാന ചാമ്പ്യൻഷിപ്പിൽ വിജയികളായ ആലപ്പുഴ ജില്ലാ ടീമിനെ ജില്ലാ ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് വി.ജി. വിഷ്ണു ചടങ്ങിൽ ആദരിച്ചു.

2024 ഓഗസ്റ്റ് 21ന് ബുധനാഴ്ച രാവിലെ 10.30ന് നടത്തുന്ന സമാപന സമ്മേളനത്തിൽ വൈഎംസിഎ വൈസ് പ്രസിഡന്റ് സുനിൽ മാത്യു ഏബ്രഹാം, സമ്മാനങ്ങൾ വിതരണം ചെയ്യും. ട്രാവൻകൂർ ചേംബർ ഓഫ് കോമേഴ്സ് സെക്രട്ടറി ജനറൽ ജി. അനിൽ കുമാർ മുഖ്യാതിഥിയായിരിക്കും.

# ധീരം രംഗശ്രീയുടെ കലാജാഥ ഇന്ന് മുതൽ

**കോലഞ്ചേരി:** സ്ത്രീകൾക്ക് സ്വയം പ്രതിരോധ പരിശീലനം നൽകുന്നതിന് സ്പോർട്ട്സ് കേരള ഫൗണ്ടേഷന്റെ സഹകരണത്തോടെ കുടുംബശ്രീ നടപ്പിലാക്കുന്ന പരിപാടിയാണ് 'ധീരം'. എറണാകുളം ജില്ലയിൽ 2 മാസ്റ്റർ ട്രെയിനർമാരുടെ നേതൃത്വത്തിൽ 27 റിസോഴ്സ് പേഴ്സണ്മാർക്ക് കഴിഞ്ഞ സാമ്പത്തിക വർഷം പരിശീലനം നൽകി. ഈ സാമ്പത്തിക വർഷം 14 മാതൃക സി.ഡി.എസ്. കളിൽ (തിരുവാണിയൂർ, ആമ്പല്ലൂർ, രാമമംഗലം, വാളകം, കവളങ്ങാട്, മുടക്കുഴ, മലയാറ്റൂർ, വെങ്ങോല, ആലങ്ങാട്, കുന്നുകര, എടവനക്കാട്, ചിറ്റാറ്റുകര, മുളവുകാട്, കുമ്പളങ്ങി.) പദ്ധതി വിപുലപ്പെടുത്തുകയാണ്. പരിപാടിയുടെ വ്യാപക പ്രചരണാർത്ഥം കുടുംബശ്രീയുടെ അഗ്നി 'രംഗശ്രീ' കലാ ടീമിന്റെ നേതൃത്വത്തിൽ തെരുവ് നാടകങ്ങൾ ഇന്ന് മുതൽ ആരംഭിക്കും. ഇന്ന് ഉച്ചയ്ക്ക് ഒരു മണിക്ക് തിരുവാണിയൂർ ഗ്രാമപഞ്ചായത്ത് കവലയിൽ നടക്കുന്ന സമ്മേളനത്തിൽ കുന്നത്തുനാട് എംഎൽഎ അഡ്വ. പി. വി. ശ്രീനിജിൻ ഫ് ളാഗ് ഓഫ് ചെയ്യും.

# പൂത്തൃക്ക പബ് ളിക് ലൈബ്രറി എഴുപതാം വാർഷികാഘോഷം: ലോഗോ പ്രകാശനം ചെയ്തു

**കോലഞ്ചേരി:** പൂത്തൃക്ക പബ്ളിക് ലൈബ്രറിയുടെ 70ാം വാർഷികാഘോഷത്തിന്റെ ഭാഗമായി രൂപകൽപ്പന ചെയ്തിരിക്കുന്ന ലോഗോ പ്രകാശനവും രാജ്യത്തിന്റെ 78ാം സ്വാതന്ത്ര്യ ദിനാഘോഷവും നടന്നു. സി.എം. ജേക്കബ്ബ് ദേശീയപതാക ഉയർത്തി. വടവുകോട് ബ്ലോക്കുപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ രാജമ്മ രാജൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. പൂത്തൃക്ക ഗവ: ഹൈസ്കൂൾ ഹെഡ് മാസ്റ്റർ ഡോ. സന്തോഷ്കുമാർ സ്വാതന്ത്ര്യ ദിനസന്ദേശം നൽകി. എഴുപതാം വാർഷികം പ്രമാണിച്ച് പുറത്തിറക്കിയ ലോഗോയുടെ പ്രകാശനം വാർഡ് മെമ്പർ എം.വി ജോണി നിർവ്വഹിച്ചു.

എം.വി ജോണി, ടി.വി രാജൻ, എം.പി.തമ്പി, കെ.പി.സാജു, കെ.എസ് കൃഷ്ണകുമാർ, ജിമ്മി പോൾ, ജോൺ കെ.തോമസ് എന്നിവർ സംസാരിച്ചു. മിഷേൽ ജേക്കബ്ബ് സ്റ്റുഡന്റ്സ് കോർണറിനുള്ള പുസ്തകങ്ങൾ ചടങ്ങിൽ കൈമാറി. സ്വാതന്ത്ര്യദിന ക്വിസ്സ് മത്സര വിജയികൾക്ക് സമ്മാനങ്ങളും സമ്മേളനത്തിൽ വിതരണം ചെയ്തു.



# വിശ്വാസസംരക്ഷകൻ പരിഷ്കരിച്ച പതിപ്പ് പ്രകാശനം ചെയ്തു

**കൊച്ചി:** യാക്കോബായ സുറിയാനിസഭയുടെ മുഖപത്രമായ ' വിശ്വാസസംരക്ഷകൻ'പത്രത്തിന്റെ പരിഷ്കരച്ച പതിപ്പിന്റെ പ്രകാശനം സഭയുടെ കേന്ദ്ര ആസ്ഥാനമായ പുത്തൻകുരിശ് പാത്രിയാർക്കൽ സെന്ററിൽ നടന്ന ചടങ്ങിൽ മലങ്കര മെത്രാപോലീത്തയും, കൊച്ചിഭദ്രാസന മെത്രാപോലീത്തയുമായ ജോസഫ് മോർ ഗ്രിഗോറിയോസ് നിർവഹിച്ചു.

സഭയിൽ എല്ലാകുടുംബങ്ങളിലും ഈ പത്രം എത്തണമെന്നും അതിന്റെ ഭാഗമായി ആദ്യ ഘട്ടമെന്നനിലയിൽ ഒരുലക്ഷം വരിക്കാരെ ചേർക്കുന്നതിനുമാണ് ലക്ഷ്യമിടുന്നതെന്നും മെത്രാപ്പോലീത്ത പറഞ്ഞു. പുതിയ വരിക്കാരെ ചേർക്കുന്നതിന്റെ ഭാഗമായി നെച്ചൂർ സെന്റ് തോമസ് പള്ളി, മോറക്കാല സെന്റ് മേരീസ് പള്ളി എന്നിവരിൽ നിന്നുള്ള വരിസംഖ്യ ഹോണാവർ മിഷൻ മെത്രാപോലീത്ത യാക്കോബ് മോർ അൻതോണിയോസ ഏറ്റു വാങ്ങി.

ചടങ്ങിൽ കുര്യാക്കോസ് മൂലയിൽ കോർ എപ്പിസ്കോപ, സഭ ട്രസ്റ്റി തമ്പു ജോർജ് തുകലൻ, സെക്രട്ടറി ജേക്കബ്. സി. മാത്യു, വിശ്വാസ സംരക്ഷകൻ മാനേജിങ് എഡിറ്റർ ഷെവ. എം. ജെ. മർക്കോസ്, ചീഫ് എഡിറ്റർ ജോഷി ജോർജ്, സതീഷ് മണ്ണത്തൂർ, പി. ഐ. ഉലഹന്നാൻ, ഫാ. അജീഷ്, ഗ്ലീസൺ ബേബി തുടങ്ങിയവർ പ്രസംഗിച്ചു.സാഹിത്യ നിപുണൻ ടി. എം. ചുമ്മാർ മെമ്മോറിയൽ ഭാഷാമിത്ര പുരസ്കാരം ലഭിച്ച ചീഫ് എഡിറ്റർ ജോഷി ജോർജിനെ ചടങ്ങിൽ ആദരിച്ചു.

# തലസ്ഥാനത്ത് ഗവേഷണ, സാങ്കേതിക വികസന കേന്ദ്രവുമായി ആക്സിയ ടെക്നോളജീസ്

**തിരുവനന്തപുരം:** തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ആഗോള വാഹനസോഫ്ട്‌വെയർ നിർമാതാക്കളായ ആക്സിയ ടെക്നോളജീസിന് കൂടുതൽ വിശാലമായ പുതിയ ആസ്ഥാനകേന്ദ്രം ടെക്നോപാർക്കിൽ ഒരുങ്ങുന്നു. ഫേസ് 3യിലെ എംബസി ടോറസ് ടെക് സോണിൽ സ്ഥിതി ചെയ്യുന്ന പുതിയ കേന്ദ്രത്തിൽ ഗവേഷണത്തിനും വികസനത്തിനുമുള്ള സൗകര്യങ്ങളുമുണ്ട്. ഓഗസ്റ്റ് 22ന് രാവിലെ 10:30ന് നടക്കുന്ന ചടങ്ങിൽ മന്ത്രി പി. രാജീവ് പുതിയ ഓഫിസ് ഉദ്ഘാടനം ചെയ്യും. മുൻ മന്ത്രിയും നിലവിൽ നിയമസഭാ അംഗവുമായ കടകംപള്ളി സുരേന്ദ്രൻ അധ്യക്ഷനാകും. വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ് ഐഎഎസ്, ഐടി സെക്രട്ടറി രത്തൻ യു. കേൽക്കർ ഐഎഎസ്, ബിഎംഡബ്ല്യു ഗ്രൂപ്പിലെ മുതിർന്ന ഉദ്യോഗസ്ഥനായിരുന്ന സ്റ്റെഫാൻ ജുറാഷെക്ക് , ടെക്നോപാർക് സിഇഒ കേണൽ സഞ്ജീവ് നായർ, കെ.എസ്.യു.എം സിഇഒ അനൂപ് അംബിക, ടോറസ് ഇൻവെസ്റ്റ്മെന്റ് ഹോൾഡിങ് ഇന്ത്യ എംഡിയും സിഇഒയുമായ അജയ് പ്രസാദ് തുടങ്ങിയ വിശിഷ്ട വ്യക്തികൾ ചടങ്ങിൽ മുഖ്യാതിഥികളായി എത്തും.

പുതിയ ഓഫിസിന്റെ ഉദ്ഘാടനത്തോട് അനുബന്ധിച്ച് തിരുവനന്തപുരത്തെ കോളേജ് ഓഫ് എഞ്ചിനീറിങ്ങിൽ പ്രത്യേക 'യൂത്ത് കണക്ട്' പരിപാടിയും ആക്സിയ ടെക്നോളജീസ് സംഘടിപ്പിക്കും. ബിഎംഡബ്ല്യുവിൽ ദീർഘകാലം സേവനമനുഷ്ഠിച്ച മുതിർന്ന ഉദ്യോഗസ്ഥനും ആക്സിയ ടെക്നോളജീസിന്റെ നിലവിലെ നയതന്ത്ര ഉപദേഷ്ടാവുമായ സ്റ്റെഫാൻ ജുറാഷെക്ക് വിവിധ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികളുമായി സംവദിക്കും. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രോണിക് ആൻഡ് ഇലക്ട്രിക്കൽ എഞ്ചിനീറിങ് (ഐ.ഇ.ഇ.ഇ), സൊസൈറ്റി ഓഫ് ഓട്ടോമോട്ടീവ് എഞ്ചിനീയേർസ് (എസ്.എ.ഇ) ഇന്ത്യ എന്നിവയുമായി സഹകരിച്ചാണ് പരിപാടി നടത്തുന്നത്. പുതുതലമുറ എഞ്ചിനീയർമാരെയും പുതുമുകൾ കണ്ടെത്തുന്നവരെയും പ്രോത്സാഹിപ്പിക്കുകയാണ് പരിപാടിയുടെ ലക്ഷ്യം.

## നിയോ ഫോർ മെർച്ചന്റ്സ്: വ്യാപാരികൾക്ക് ഏകജാലക സംവിധാനമൊരുക്കി ആക്സിസ് ബാങ്ക്

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ സ്വകാര്യ ബാങ്കുകളിലൊന്നായ ആക്സിസ് ബാങ്ക് വിസ, മിന്റോക്ക് എന്നിവയുമായി ചേർന്ന് വ്യാപാരികൾക്കായി നിയോ ഫോർ മെർച്ചന്റ്സ് ആപ്പ് പുറത്തിറക്കി. ബിസിനസുകളെ ശാക്തീകരിക്കാനും പണമിടപാടുകൾ എളുപ്പമാക്കാനുമാണ് നിയോ ആപ്പുവഴി ലക്ഷ്യമിടുന്നത്.ഉപഭോക്തൃ സൗഹൃദ ഇന്റർഫേസുള്ള ഈ ആപ്പിൽ വൈവിധ്യമാർന്ന പേയ്മെന്റ് ഓപ്ഷനുകൾ, ബിസിനസ് ഇൻസൈറ്റുകൾ, ട്രാൻസാക്ഷൻ വിവരങ്ങൾ തുടങ്ങി നിരവധി സേവനങ്ങൾ ലഭ്യമാണ്. നിയോ ഫോർ മെർച്ചന്റ്സ് ആപ്പിലൂടെ വ്യാപാരികൾക്ക് കാർഡ്, എസ്എംഎസ് പേ, യുപിഐ എന്നിവ വഴി അനായാസം പണം സ്വീകരിക്കാം. ഇത് ഉപഭോക്താക്കൾക്കും വ്യാപാരികൾക്കും ഒരുപോലെ സഹായകരമാണ്.ഇടപാടുകളും സേവന റിപ്പോർട്ടുകളും തുടങ്ങി വ്യാപാര സംബന്ധമായ മുഴുവൻ കാര്യങ്ങളും നിയോ ആപ്പിൽ ലഭിക്കും.ഡിജിറ്റൽ സാങ്കേതിക വിദ്യയിലൂന്നി കച്ചവടച്ചെലവ് കുറയ്ക്കാനും താങ്ങാനാവുന്ന നിരക്കിൽ ഡിജിറ്റൽ പേയ്മെന്റുകൾ സ്വീകരിക്കാനുമുള്ള സംവിധാനം ഒരുക്കാനാണ് തങ്ങൾ പ്രവർത്തിക്കുന്നതെന്ന് ആക്സിസ് ബാങ്ക് കാർഡ്സ് ആന്റ് പേയ്മെന്റ്സ് വിഭാഗം പ്രസിഡന്റും മേധാവിയുമായ സഞ്ജീവ് മോഗെ പറഞ്ഞു. ആക്സിസ് ബാങ്കും മിന്റോക്കുമായും സഹകരിച്ച് വ്യാപാരികൾക്കായി നിയോ ആപ്പ് പുറത്തിറക്കുന്നതിൽ അഭിമാനമുണ്ടെന്ന് വിസ മെർച്ചന്റ് സെയിൽസ് മേധാവി ഋഷി ഛബ്ര പറഞ്ഞു.

# കൊച്ചി ബ്ലൂ ടൈഗേഴ്സ് ലോഗോ പ്രകാശനം ചെയ്തു

**കൊച്ചി:** കേരള ക്രിക്കറ്റ് ലീഗിൽ പങ്കെടുക്കുന്ന കൊച്ചി ബ്ലൂ ടൈഗേഴ്സ് ഐപിഎൽ താരവും പേസ് ബൗളറുമായ ബേസിൽ തമ്പിയെ ടീം ക്യാപ്റ്റനായും രഞ്ജി ട്രോഫി താരം സെബാസ്റ്റ്യൻ ആന്റണിയെ മുഖ്യ പരിശീലകനായും പ്രഖ്യാപിച്ചു. കൊച്ചി ഹോട്ടൽ ക്രൗൺ പ്ലാസയിൽ നടന്ന ചടങ്ങിൽ ചലച്ചിത്ര സംവിധായകൻ ബ്ലസി, ടീം ഉടമയും സിംഗിൾ ഐഡി സ്ഥാപകനുമായ സുഭാഷ് മാനുവൽ എന്നിവർ ചേർന്നാണ് പ്രഖ്യാപനം നടത്തിയത്. ഐപിഎല്ലിൽ മുംബൈ ഇന്ത്യൻസ്, സൺറൈസേഴ്സ് ഹൈദരാബാദ് എന്നിവയുടെ കുപ്പായമണിഞ്ഞ ബേസിൽ തമ്പി തന്നെയാണ് ടീമിന്റെ ഐക്കൺ സ്റ്റാറും. കേരളത്തിന് വേണ്ടി രഞ്ജി കളിച്ചിട്ടുള്ള ലെഫ്റ്റ് ഹാൻഡ് ബാറ്റ്സ്മാനായ സെബാസ്റ്റ്യൻ ആന്റണി 12 വർഷക്കാലം വിവിധ ടീമുകളുടെ കോച്ചായി പ്രവർത്തിച്ചിട്ടുണ്ട്.

ചടങ്ങിൽ ടീമിന്റെ ലോഗോയും ഔദ്യോഗികമായി പുറത്തിറക്കി. അക്രമശാലിയായ കടുവയെയും അറബിക്കടലിന്റെ റാണിയെന്ന് അറിയപ്പെടുന്ന കൊച്ചിയുടെ പ്രതീകമായ നീല നിറവും ഉൾപ്പെടുത്തിയാണ് ടീമിന്റെ ലോഗോ ഡിസൈൻ ചെയ്തിരിക്കുന്നത്. സിംഗിൾ ഐഡിയുടെ ബ്രാൻഡ് അംബാസിഡറായ ധോണിയുമായുള്ള സൗഹൃദമാണ് ക്രിക്കറ്റിനോടുള്ള അഭിനിവേശം വർദ്ധിക്കാൻ പ്രധാനകാരണമായതെന്നും സുഹൃത്തുകൂടിയായ ബേസിൽ തമ്പിയാണ് കേരള ക്രിക്കറ്റ് ലീഗ് തനിക്ക് പരിചയപ്പെടുത്തി നൽകിയതെന്നും ടീം ഉടമ സുഭാഷ് മാനുവൽ പറഞ്ഞു. എം.എസ് ധോണിയിൽ നിന്നുള്ള പ്രചോദനവും ബേസിലിന്റെ പ്രോത്സാഹനവുമാണ് കൊച്ചി ടീമിനെ സ്വന്തമാക്കുവാൻ തന്നെ പ്രേരിപ്പിച്ചതെന്നും അദ്ദേഹം പറഞ്ഞു. കായിക മേഖലയിൽ മികച്ച പ്രതിഭകളെ കണ്ടെത്തി വളർത്തുവാൻ ഈ ഉദ്യമത്തിന് കഴിയുമെന്നും കേരളത്തിലെ ക്രിക്കറ്റ് പ്രേമികൾക്ക് മികച്ച മത്സരം കാണുവാനുള്ള അവസരമൊരുക്കുവാൻ കൊച്ചി ബ്ലൂ ടൈഗേഴ്സിന് സാധിക്കുമെന്നും സംവിധായകൻ ബ്ലസി പറഞ്ഞു. മികച്ച കളിക്കാരെയും പരിശീലകരെയുമാണ് സുഭാഷിന്റെ ഉടമസ്ഥതയിലുള്ള കൊച്ചി ബ്ലൂ ടൈഗേഴ്സിന് ലഭിച്ചതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സുഭാഷ് മാനുവലിന്റെ ഉടമസ്ഥതയിലുള്ള യു.കെയിലെ ക്രിക്കറ്റ് ഗ്രൗണ്ട് ഈ വർഷം മുതൽ കൊച്ചി ബ്ലൂ ടൈഗേഴ്സിന്റെ ഇന്റർനാഷണൽ ഹോം ഗ്രൗണ്ടായി ഉപയോഗിക്കുമെന്നും ടീം മാനേജ്മെന്റ് അറിയിച്ചു. കേരളത്തിലെ മികവുറ്റ കളിക്കാർക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം ഉറപ്പാക്കുകയാണ് മാനേജ്മെന്റിന്റെ ലക്ഷ്യം. രഞ്ജിതാരവും വിക്കറ്റ് കീപ്പറുമായ സിഎം ദീപക് ആണ് ടീമിന്റെ അസിസ്റ്റന്റ് കോച്ച്.ബൗളിങ് കോച്ച് എസ് അനീഷ്, ഫിസിയോതെറാപ്പിസ്റ്റ് സമീഷ് എ.ആർ,ത്രോഡൗൺ സ്പെഷ്യലിസ്റ്റ് ഗബ്രിയേൽ ബെൻ കുര്യൻ, പെർഫോമൻസ് അനലിസ്റ്റ് സജി സോമസുന്ദരം,ട്രെയിനർ ക്രിസ്റ്റഫർ ഫെർണാണ്ടസ് ടീം കോർഡിനേറ്റർ വിശ്വജിത്ത് രാധാകൃഷ്ണൻ.




## മികച്ച കർഷകർക്ക് മിൽമ പാൽ പാത്രം സമ്മാനമായി നൽകുന്നു

**കൊച്ചി:** മിൽമ എറണാകുളം മേഖലാ യൂണിയന്റെ പ്രവർത്തന പരിധിയിൽ വരുന്ന കോട്ടയം , ഇടുക്കി, എറണാകുളം , തൃശ്ശൂർ ജില്ലകളിലെ അംഗസംഘങ്ങളായ ആയിരത്തോളം വരുന്ന പ്രാഥമിക ക്ഷീരസംഘങ്ങളിൽ 202324 വർഷത്തിൽ ഏറ്റവും കൂടുതൽ പാലളന്നിട്ടുള്ള മൂന്ന് കർഷകർക്ക് വീതം 1000 രൂപ വില വരുന്ന 10 ലിറ്ററിന്റെ പാൽ പാത്രം മേഖല യൂണിയൻ സമ്മാനമായി നൽകുമെന്ന് ചെയർമാൻ എം.ടി.ജയൻ അറിയിച്ചു.പ്രാഥമിക ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. മിൽമ എറണാകുളം മേഖലാ യൂണിയനെ നാഷണൽ ഡെയറി ഡെവലപ്പ്മെന്റ് ബോർഡ് ദക്ഷിണേന്ത്യയിലെ മികച്ച പ്രവർത്തനം കാഴ്ച വെയ്ക്കുന്ന യൂണിയനായി തെരഞ്ഞെടുത്തിരുന്നു. ഇതിന്റെ ഭാഗമായി ലഭിച്ച എട്ട് കോടി രൂപ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് 20,000 പാൽ പാത്രം വീതം കർഷകർക്ക് വിതരണം ചെയ്യുന്നതെന്ന് ചെയർമാൻ പറഞ്ഞു.



# കൊച്ചി മെട്രോ നിർമ്മാണം: തടസങ്ങൾ നീക്കാൻ സംയുക്ത കമ്മിറ്റി

**കൊച്ചി:** പാലാരിവട്ടം ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നിന്ന് കാക്കനാട് വരെ നീളുന്ന കൊച്ചി മെട്രോ രണ്ടാം ഘട്ട നിർമ്മാണവുമായി ബന്ധപ്പെട്ട വിവിധ തടസങ്ങളും പ്രശ്നങ്ങളും അടിയന്തിരമായി പരിഹരിക്കുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഏഴ് വകുപ്പുകളുടെ സംയുക്ത കമ്മിറ്റിക്ക് രൂപം നൽകി. ഗതാഗതക്കുരുക്ക്, കേബിളുകൾ നീക്കൽ, വൈദ്യുതി വിതരണ ക്രമീകരണം, റോഡിന് വീതി കൂട്ടൽ തുടങ്ങിവിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് അടിയന്തിര പരിഹാരം കാണുന്നതിനാണ് കമ്മിറ്റി രൂപീകരിച്ചിരിക്കുന്നത്. മൂന്ന് ദിവസം കൂടുമ്പോൾ കമ്മിറ്റി യോഗം ചേർന്ന് വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. പൊതുമരാമത്ത് വകുപ്പ്, കെഎസ്ഇബി, വാട്ടർ അതോറിറ്റി, പോലീസ്, തൃക്കാക്കര നഗരസഭാ സെക്രട്ടറി, ആർടിഒ, കൊച്ചി മെട്രോ എന്നിവരാണ് കമ്മിറ്റിയിലുള്ളത്. കമ്മിറ്റിയുടെ ആദ്യ യോഗം നാളെ ചേരും. അതത് മേഖലയിലുള്ള കൗൺസിലർമാരുമായും ആശയവിനിമയം നടത്തണം. മന്ത്രി പി. രാജീവിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേർന്ന യോഗത്തിലാണ് തീരുമാനം. കെഎസ്ഇബി തൃപ്പൂണിത്തുറ എക്സിക്യൂട്ടീവ് എൻജിനീയർ, വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയർ, പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ്, ജോയിന്റ് ആർടിഒ എന്നിവരാണ് അതത് വകുപ്പുകളെ പ്രതിനിധീകരിച്ച് യോഗത്തിൽ ഹാജരാകേണ്ടത്.





സൊസൈറ്റി ടുഡേ
SOCIETY TODAY

# ജീവനക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ സ്പേസ് ഓഡിറ്റ് നടത്തണം: മന്ത്രി

**തിരുവനന്തപുരം:** സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ജീവനക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ സ്പേസ് ഓഡിറ്റ് നടത്താൻ ആരോഗ്യ മന്ത്രി വീണാ ജോർജ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകി. പ്രിൻസിപ്പൽമാർ, സൂപ്രണ്ടുമാർ, വകുപ്പ് മേധാവികൾ എന്നിവർ ചേർന്ന് സ്പേസ് ഓഡിറ്റ് നടത്തി സുരക്ഷിതത്വം ഉറപ്പാക്കണം. സ്ഥാപന തലത്തിൽ പ്രിൻസിപ്പൽമാരും സംസ്ഥാന തലത്തിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറും ഇത് ഉറപ്പാക്കണം. എല്ലാ മെഡിക്കൽ കോളേജുകളിലും സെക്യൂരിറ്റി, ഫയർ സേഫ്റ്റി, ഇലട്രിക്കൽ, ലിഫ്റ്റ് എന്നിവയുടെ സേഫ്റ്റി ഓഡിറ്റ് നടത്തി സുരക്ഷിതത്വം ഉറപ്പാക്കി വരുന്നു. ഇത് കൂടാതെയാണ് ഡ്യൂട്ടി റൂം, പരിശോധനാ മുറി, റെസ്റ്റ് റൂം തുടങ്ങിയവ ഉൾപ്പെടെയുള്ള സ്ഥലങ്ങൾ പരിശോധിച്ച് സുരക്ഷിതത്വം ഉറപ്പാക്കുന്നത്. അത്യാഹിത വിഭാഗത്തിൽ രണ്ട് പേരേയും വാർഡുകളിൽ ഒരാളേയും മാത്രമേ കൂട്ടിരിപ്പുകാരായി അനുവദിക്കുകയുള്ളൂ. രോഗികളുടെ വിവരങ്ങൾ കൃത്യമായി അറിയിക്കാനായി ബ്രീഫിംഗ് റൂം സജ്ജമാക്കിയിട്ടുണ്ടെന്ന് എല്ലാ സ്ഥാപനങ്ങളും ഉറപ്പാക്കേണ്ടതാണ്. ഡോക്ടർമാർ രോഗികളോട് കൃത്യമായി വിവരങ്ങൾ വിശദീകരിച്ച് നൽകണമെന്നും മന്ത്രി നിർദേശം നൽകി. മെഡിക്കൽ കോളേജുകളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ വിളിച്ചു ചേർത്ത യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

എല്ലാ മെഡിക്കൽ കോളേജുകളും കോഡ് ഗ്രേ പ്രോട്ടോകോൾ നടപ്പിലാക്കണം. ജില്ലാ കളക്ടർ അധ്യക്ഷനായ കോഡ് ഗ്രേ സമിതിയിൽ പ്രിൻസിപ്പൽ, സൂപ്രണ്ട്, ആർഎംഒ, പിജി, ഹൗസ് സർജൻ പ്രതിനിധികൾ എന്നിവരുണ്ടാകും. സുരക്ഷ ഉറപ്പാക്കാൻ കൃത്യമായ ഇടവേളകളിൽ മോക് ഡ്രിൽ സംഘടിപ്പിക്കണം.

പബ്ലിക് അഡ്രസ് സിസ്റ്റം, വാക്കി ടോക്കി, അലാറം എന്നിവ നിർബന്ധമായും സ്ഥാപിക്കണം. പ്രധാനയിടങ്ങളിൽ സിസിടിവി ഉറപ്പാക്കണം. പല മെഡിക്കൽ കോളേജുകളും സേഫ്റ്റി ഓഡിറ്റിന്റെ അടിസ്ഥാനത്തിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു. രാത്രി കാലങ്ങളിൽ പോലീസ് പട്രോളിംഗ് വ്യാപിപ്പിക്കും. ആശുപത്രിയ്ക്കുള്ളിൽ അനധികൃത കച്ചവടം അനുവദിക്കാൻ പാടില്ല.

രാത്രി കാലങ്ങളിൽ ഡ്യൂട്ടി കഴിഞ്ഞ് ഹോസ്റ്റലിലേക്ക് മടങ്ങുന്ന വനിത ജീവനക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കണം. തെരുവ് വിളക്കുകൾ പ്രവർത്തനക്ഷമമാണെന്ന് ഉറപ്പാക്കണം. രാത്രിയിൽ സെക്യൂരിറ്റി നിരീക്ഷണം ശക്തമാക്കണം. രോഗികളോ കൂട്ടിരുപ്പുകാരോ ജീവനക്കാരോ അല്ലാതെ പുറത്ത് നിന്നുള്ള പാസില്ലാത്ത ഒരാളും രാത്രി കാലങ്ങളിൽ ആശുപത്രി കോമ്പൗണ്ടിനുള്ളിൽ തങ്ങാൻ പാടില്ല. അനധികൃതമായി കാമ്പസിനുള്ളിൽ തങ്ങുന്നവർക്കെതിരെ പോലീസിന്റെ സഹായത്തോടെ നടപടി സ്വീകരിക്കേണ്ടതാണ്.

സെക്യൂരിറ്റി ജീവനക്കാർക്ക് പരിശീലനം ഉറപ്പാക്കണം. സുരക്ഷ ഉറപ്പാക്കാനായി ജീവനക്കാർക്ക് ഏകീകൃത നമ്പർ നൽകണം. ഫോൺ വഴി അലാറം പ്രവർത്തിപ്പിക്കാൻ പറ്റുന്ന സംവിധാനം സജ്ജമാക്കണം. തെരുവു നായകളുടെ ആക്രമണങ്ങളിൽ നിന്നും ജീവനക്കാർക്കും ആശുപത്രിയിലെത്തുന്നവർക്കും സംരക്ഷണം നൽകാൻ ജില്ലാ ഭരണകൂടവുമായി ചേർന്ന് പദ്ധതി തയ്യാറാക്കി നടപ്പിലാക്കണം. ആബുലൻസുകളുടെ അനധികൃത പാർക്കിംഗ് അനുവദിക്കില്ല. പിജി ഡോക്ടർമാരും ഹൗസ് സർജൻമാരും ഉന്നയിച്ച വിഷയങ്ങളിൽ മെഡിക്കൽ കോളേജ് തലത്തിൽ പരിഹാരം കാണാനും മന്ത്രി നിർദേശം നൽകി.

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, ജോ. ഡയറക്ടർ, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാർ, സൂപ്രണ്ടുമാർ, പിജി ഡോക്ടർമാരുടേയും ഹൗസ് സർജൻമാരുടേയും പ്രതിനിധികൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു.




# ഇടുക്കി മിനി ഫുഡ് പാർക്ക് ഒരു വർഷത്തിനുള്ളിൽ യാഥാർഥ്യമാക്കും : മന്ത്രി റോഷി അഗസ്റ്റിൻ

**ചെറുതോണി**: മൂല്യവർധിത ഉൽപ്പന്നങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുന്നതിനായി ഇടുക്കിയിൽ സ്ഥാപിക്കുന്ന മിനി ഫുഡ് പാർക്ക് ഒരു വർഷത്തിനുള്ളിൽ യാഥാർഥ്യമാക്കുമെന്ന് മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു. കർഷക ദിനത്തോടനുബന്ധിച്ച് കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ കട്ടപ്പന നഗരസഭ കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കർഷകരുടെ അധ്വാനമാണ് ആഹാരമായി നമുക്ക് മുന്നിലെത്തുന്നത്. അവരെ ആദരിക്കാനുള്ള ഒരു അവസരവും പാഴാക്കരുത്.

കാലാവസ്ഥ വ്യതിയാനം മൂലം ബുദ്ധിമുട്ടുന്ന കർഷകരെ സഹായിക്കുന്നതിനാണ് മിനി ഫുഡ് പാർക്ക് ആസൂത്രണം ചെയ്തിട്ടുള്ളത്. മൂല്യവർധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള അവസരം ഇവിടെ ലഭിക്കും. വരൾച്ച മൂലം കൃഷി നാശം സംഭവിച്ച കർഷകർക്ക് ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി നഷ്ടപരിഹാരം നൽകും. കൂടുതൽ യുവാക്കളെ കാർഷികവൃത്തിയിലേക്ക് എത്തിക്കുന്നതിന് കൃഷിവകുപ്പിന്റെ ഭാഗത്ത്നിന്ന് എല്ലാ ശ്രമങ്ങളും ഉണ്ടാകും.

അടുത്ത വർഷം മുതൽ വിവിധ പഞ്ചായത്ത് തലങ്ങളിൽ ആദരിക്കപ്പെടുന്ന കർഷകരിൽ നിന്ന് മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നവരെ തിരഞ്ഞെടുത്ത് ജില്ലാ തലത്തിൽ അനുമോദിക്കുമെന്നും മന്ത്രി പറഞ്ഞു. പരിപടിയിൽ മികച്ച കർഷകരെ മന്ത്രി ആദരിച്ചു. കഞ്ഞിക്കുഴി , കാമാക്ഷി പഞ്ചായത്തുകളിൽ നടന്ന കർഷകദിനാഘോഷങ്ങളിലും മന്ത്രി പങ്കെടുത്തു. കട്ടപ്പന നഗരസഭ ചെയർപേഴ്സൺ ബീന ടോമി അധ്യക്ഷത വഹിച്ചു. വൈസ് ചെയർമാൻ കെ ജെ ബെന്നി ,പ്രിസിപ്പൽ കൃഷി ഓഫീസർ കെ പി സെലീനാമ്മ ,കൃഷി ഓഫീസർ ആഗ്നസ് ജോസ്,ജനപ്രതിനിധികൾ ,കർഷകർ തുടങ്ങിയവർ പങ്കെടുത്തു.

# കുസാറ്റ്: സ്പോട്ട് അഡ്മിഷൻ

**കൊച്ചി:**കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള പുളിങ്കുന്ന് എഞ്ചിനീയറിംഗ് കോളേജിലെ കമ്പ്യൂട്ടർ അപ്ലിക്കേഷൻ വിഭാഗം നടത്തുന്ന എം.സി.എ കോഴ്സിലെ ഒഴിവുള്ള സീറ്റിലേക്ക് സ്പോട് അഡ്മിഷൻ നടത്തുന്നതിനായി കുസാറ്റ് ക്യാറ്റ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വിദ്യാർത്ഥികൾ ആഗസ്റ്റ് 22 ന് രാവിലെ 9.30 മണി മുതൽ 10.30 വരെ യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുമായി CUCEK പുളിങ്കുന്നിലുള്ള കമ്പ്യൂട്ടർ അപ്ലിക്കേഷൻ വിഭാഗം ഓഫീസിൽ രജിസ്ട്രേഷൻ നടത്തേണ്ടതാണ് മേൽപ്പറഞ്ഞ തീയതിൽ ഏതെങ്കിലും മാറ്റമുണ്ടെങ്കിൽ www.admission.cusat.ac.in എന്ന വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതായിരിക്കും മറ്റു വിവരങ്ങൾക്ക് പ്രസ്തുത വെബ്സൈറ്റ് സന്ദർശിക്കുകയോ 9447103911, 9447573045,9400050826, 04772707500 നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ബി.ടെക്ക് പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിലേക്കായി ആഗസ്റ്റ് 27,29,30,31 തീയതികളിൽ ആദ്യഘട്ട സ്പോട്ട് അഡ്മിഷൻ നടത്തുന്നു. കുസാറ്റ് ക്യാറ്റ് റാങ്ക് ലിസ്റ്റിലുള്ളവർക്ക് പങ്കെടുക്കാം. എസ്.സി/എസ്.ടി വിഭാഗം ഒന്നാം ഘട്ട സ്പോട്ട് അഡ്മിഷനും ഇതോടൊപ്പം നടക്കും. താൽപര്യമുള്ള വിദ്യാർത്ഥികൾ കുസാറ്റിലെ യൂണിവേഴ്സിറ്റി സെമിനാർ കോംപ്ലെക്സിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. രജിസ്ട്രേഷൻ സമയം രാവിലെ 9.00 മുതൽ 10.00 വരെ. ഹാജരാകേണ്ട അപേക്ഷകരുടെ റാങ്ക് പരിധിയും ഒഴിവുകളും അറിയുന്നതിനായി www.admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക്, 04842577100 എന്ന നമ്പറിൽ ബന്ധപ്പെടുക.

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിൽ രണ്ട് വർഷ എൽ.എൽ.എം പ്രോഗ്രാമിൽ ഒഴിവുള്ള 12 സംവരണ സീറ്റുകളിലേക്കായി ആഗസ്റ്റ് 23 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു.കുസാറ്റ് ക്യാറ്റ് റാങ്ക് ലിസ്റ്റിൽ ഉള്ളവർക്ക് പങ്കെടുക്കാം. താൽപര്യമുള്ള വിദ്യാർത്ഥികൾ രാവിലെ 9.00 മുതൽ ഉച്ചയ്ക്ക് 10.00 വരെ കുസാറ്റ് സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 9383445550, 04842862481എന്ന നമ്പറുകളിലോ sls@cusat.ac.in എന്ന മെയിലിലോ ബന്ധപ്പെടുക.

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ ഇലക്ട്രോണിക്സ് വകുപ്പിൽ എം.ടെക്ക് മൈക്രോവേവ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനീയറിംഗ് പ്രോഗ്രാമിൽ ഒഴിവുള്ള ജനറൽ, സംവരണ സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. ഡാറ്റ്/ഗേറ്റ് വഴി അപേക്ഷിച്ചിട്ടില്ലാത്തവർക്കും പങ്കെടുക്കാം. താൽപര്യമുള്ള വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ആഗസ്റ്റ് 21 ന് രാവിലെ 10.00 ന് കുസാറ്റിലെ ഇലക്ട്രോണിക്സ് വകുപ്പിൽ ഹാജരാകണം.കൂടുതൽ വിവരങ്ങൾക്ക് www.admissions.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ 9846420928, 8921239272. എന്ന നമ്പറുകളിൽ ബന്ധപ്പെടുകയോ ചെയ്യുക.

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ കമ്പ്യൂട്ടർ സയൻസ് വകുപ്പിൽ പഞ്ചവത്സര ഇന്റഗ്രേറ്റഡ് എം.എസ്.സി ഇൻ കമ്പ്യൂട്ടർ സയൻസ് (ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ആൻഡ് ഡാറ്റാ സയൻസ്) പ്രോഗ്രാമിൽ വിവിധ വിഭാഗങ്ങളിലായി ഒഴിവുള്ള സീറ്റുകളിലേക്ക് ആഗസ്റ്റ് 23 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. കുസാറ്റ് ക്യാറ്റ റാങ്ക് ലിസ്റ്റിലുള്ളവർക്ക് പങ്കെടുക്കാം. താൽപര്യമുള്ള വിദ്യാർത്ഥികൾ രാവിലെ 11.00 നു മുൻപ് കമ്പ്യൂട്ടർ സയൻസ് വകുപ്പിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്, 0484 2862301 എന്ന നമ്പറിലോ www.admissions.cusat.ac.in, www.dcs.cusat.ac.in എന്ന വെബ്സൈറ്റുകളിലോ ബന്ധപ്പെടുക.



# പടക്കുതിര

അജു വർഗീസ്,സിദ്ദിഖ്,സൂരജ് വെഞ്ഞാറമൂട്,സിജ റോസ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി സലോൺ സൈമൺ സംവിധാനം ചെയ്യുന്ന 'പടക്കുതിര' എന്ന ചിത്രത്തിന്റെ ചിത്രീകരണം മൂവാറ്റുപുഴ വാളകത്ത് ആരംഭിച്ചു.

ഇന്ദ്രൻസ്,നന്ദു ലാൽ, അഖിൽ കവലയൂർ,ജോമോൻ,ഷമീർ,ദിലീപ് മേനോൻ,കോട്ടയം രമേശ്, ഷഹീൻ സിദ്ദിഖ്, ഷാജു ശ്രീധർ,ബൈജു എഴുപുന്ന,ജെയിംസ് ഏലിയ,കാർത്തിക് ശങ്കർ,സ്മിനു സിജോ തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ.

മാബിൻസ് ഫിലിം പ്രൊഡക്ഷൻസ്,ഫീൽ ഫ് ളയിങ് എന്റർടെയ്ൻമെന്റ്സ് എന്നീ ബാനറിൽബിനി ശ്രീജിത്ത്,മഞ്ജു ഐ ശിവാനന്ദൻ,സായ് ശരവണൻ എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ജിജു സണ്ണി നിർവ്വഹിക്കുന്നു.ദീപു എസ് നായർ, സന്ദീപ് സദാനന്ദൻ എന്നിവർ ചേർന്ന് തിരക്കഥ സംഭാഷണമെഴുതുന്നു.വയലാർ ശരത്ചന്ദ്രവർമ്മ,വിനായക് ശശികുമാർ എന്നിവർ എഴുതിയ വരികൾക്ക് ധനുഷ് ഹരികുമാർ, വിമൽജിത്ത് വിജയൻ എന്നിവർ സംഗീതം പകരുന്നു.എഡിറ്റർഗ്രേസൺ എ സി എ,ലൈൻ പ്രൊഡ്യൂസർഡോക്ടർ അജിത്കുമാർ ടി, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർറിന്നി ദിവാകർ,പ്രൊഡക്ഷൻ കൺട്രോളർവിനോഷ് കൈമൾ,കലസുനിൽ കുമാരൻ, മേക്കപ്പ്രതീഷ് വിജയൻ, കോസ്റ്റ്യൂംസ്മെർലിൻ ലിസബത്ത്,സ്റ്റിൽസ് അജി മസ്കറ്റ്,പരസ്യകലഐഡന്റ് ഡിസൈൻ ലാബ്,

ചീഫ് അസോസിയേറ്റ് ഡയറക്ടർദീപക് നാരായണൻ,അസോസിയേറ്റ് ഡയറക്ടർജിദു സുധൻ,അസിസ്റ്റന്റ് ഡയറക്ടർ രഞ്ജിത്ത് കൃഷ്ണമോഹൻ, രാഹുൽ കെ എം, ജെബിൻ ജെയിംസ്, ലിബിൻ ബാലൻ, ജെയ്ബിൻ ബേബി, മിഥുൻ നായർ,സോഷ്യൽ മീഡിയ മാനേജർഅരുൺ കുമാർ,ആക്ഷൻഫീനിക്സ് പ്രഭു,പ്രൊഡക്ഷൻ മാനേജർനിധീഷ് പൂപ്പാറ,അനീഷ് ചന്ദ്രൻ, ഇന്ദ്രജിത്ത് ബാബു,പി ആർ ഒഎ എസ് ദിനേശ്.

# പൊൻമാൻ




നടനും സംവിധായകനുമായ ബേസിൽ ജോസഫിനെ നായകനാക്കി ജ്യോതിഷ് ശങ്കർ സംവിധാനം ചെയ്യുന്ന 'പൊൻമാൻ' എന്ന ചിത്രത്തിന്റെ മോഷൻ പോസ്റ്റർ റിലീസായി.

സജിൻ ഗോപു, ലിജിമോൾ ജോസ്, ആനന്ദ് മന്മഥൻ,ദീപക് പറമ്പൊൾ,രാജേഷ് ശർമ്മ,സന്ധ്യ രാജേന്ദ്രൻ,ജയാ കുറുപ്പ്,റെജുശിവദാസ്,ലക്ഷ്മി സഞ്ജു,മജു അഞ്ചൽ, വൈഷ്ണവി കല്യാണി, ആനന്ദ് നെച്ചൂരാൻ, കെ വി കടമ്പനാടൻ (ശിവപ്രസാദ്, ഒതളങ്ങ തുരുത്ത്), കിരൺ പീതാംബരൻ, മിഥുൻ വേണുഗോപാൽ, ശൈലജ പി അമ്പു, തങ്കം മോഹൻ തുടങ്ങിയവരാണ് മറ്റു പ്രധാന താരങ്ങൾ.അജിത് വിനായക ഫിലിംസിന്റെ ബാനറിൽ വിനായക അജിത് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ തിരക്കഥ സംഭാഷണം ജി ആർ ഇന്ദുഗോപൻ, ജസ്റ്റിൻ മാത്യു എന്നിവർ ചേർന്നാണ് എഴുതുന്നു.

ജി ആർ ഇന്ദുഗോപന്റെ 'നാലഞ്ച് ചെറുപ്പക്കാർ' എന്ന നോവലിനെ ആസ്പദമാക്കിയാണ് ഈ ചിത്രം ഒരുക്കിട്ടുള്ളത്.

സാനു ജോൺ വർഗീസ് ഛായാഗ്രഹണം നിർവഹിക്കുന്നു.സുഹൈൽ കോയ എഴുതിയ വരികൾക്ക് ജസ്റ്റിൻ വർഗീസ് സംഗീതം പകരുന്നു.എഡിറ്റർനിധിൻ രാജ് ആരോൾ,പ്രൊജക്റ്റ് ഡിസൈനർരഞ്ജിത്ത് കരുണാകരൻ, പ്രൊഡക്ഷൻ ഡിസൈനർജ്യോതിഷ് ശങ്കർ,കലാസംവിധാനംകൃപേഷ് അയപ്പൻകുട്ടി, വസ്ത്രാലങ്കാരം മെൽവി ജെ,മേക്കപ്പ് സുധി സുരേന്ദ്രൻ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്വിമൽ വിജയ്,ചീഫ് അസോസിയേറ്റ് ഡയറക്ടർ എൽസൺ എൽദോസ്,സൌണ്ട് ഡിസൈൻശങ്കരൻ എ എസ്,കെ സി സിദ്ധാർത്ഥൻ,സൗണ്ട് മിക്സിങ്വിഷ്ണു സുജാതൻ, ആക്ഷൻഫീനിക്സ് പ്രഭു,കളറിസ്റ്റ്ലിജു പ്രഭാകർ, വിഎഫ്എക്സ് നോക്ടർണൽ ഒക്റ്റേവ് പ്രൊഡക്ഷൻസ്, സ്റ്റിൽസ്രോഹിത് കൃഷ്ണൻ,പബ്ലിസിറ്റി ഡിസൈൻയെല്ലോ ടൂത്,മാർക്കറ്റിംഗ് ബ്രിങ്ഫോർത്ത് അഡ്വർടൈസിങ്,പി ആർ ഒഎ എസ് ദിനേശ്.



# സുമതി വളവ്

മാളികപ്പുറം ചിത്രത്തിന് ശേഷം അതെ ടീമിന്റെ പുതിയ ചിത്രം സുമതി വളവിന്റെ പൂജാ ചടങ്ങുകൾ ചോറ്റാനിക്കര ക്ഷേത്ര സന്നിധിയിൽ നടന്നു. അഭിലാഷ് പിള്ളയുടെ തിരക്കഥയിൽ വിഷ്ണു ശശി ശങ്കർ സംവിധാനം ചെയ്യുന്ന സുമതി വളവിന്റെ സ്വിച്ച് ഓൺ മേജർ രവിയും ക്ലാപ് ഹരിശ്രീ അശോകനും നൽകി.

മുരളി കുന്നുംപുറത്തിന്റെ മാതാവ് കെ.വി.ഓമന, അർജുൻ അശോകൻ , രഞ്ജിൻ രാജ് , അരുൺ ഗോപി, എം. ആർ. രാജാകൃഷ്ണൻ, ലക്ഷ്മിക്കുട്ടിയമ്മ , ശോഭ വിജയൻ, സലാം ബാപ്പു, മാർത്താണ്ഡൻ, അജയ് വാസുദേവ്, കെ.പി.ചന്ദ്രൻ എന്നിവർ ഭദ്രദീപത്തിനു തിരി തെളിയിച്ചു. വാട്ടർമാൻ ഫിലിംസിന്റെ ബാനറിൽ മുരളി കുന്നുംപുറത്താണ് സുമതിവളവിന്റെ നിർമ്മാണം. മാളികപ്പുറത്തിലൂടെ നാഷണൽ അവാർഡ് നേടിയ ശ്രീപഥ് യാനെ ചടങ്ങിൽ ആദരിച്ചു.അർജുൻ അശോകൻ, ശ്യാം മോഹൻ, സൈജു കുറുപ്പ് , മാളവിക മനോജ്, ഗോപിക അനിൽ, അഖില ഭാർഗവൻ, ലാൽ, മനോജ് കെ ജയൻ, ദേവനന്ദ, ശ്രീപഥ് യാൻ , ശിവദ ,അതിഥി, നിരഞ്ജൻ മണിയൻപിള്ള , ജീൻ പോൾ,സിഥാർഥ് ഭരതൻ, മനോജ് കെ യു, റോണി ഡേവിഡ് , ജയകൃഷ്ണൻ അനിയപ്പൻ തുടങ്ങിയവരാണ് ചിത്രത്തിൽ അഭിനയിക്കുന്നത്.സുമിതി വളവിന്റെ അണിയറപ്രവർത്തകർ ഇവരാണ്.

ഡി ഓ പി : ശങ്കർ പി വി, സംഗീത സംവിധാനം :രഞ്ജിൻ രാജ് , എഡിറ്റർ : ഷഫീഖ് മുഹമ്മദ് അലി, സൗണ്ട് ഡിസൈനർ : എം.ആർ. രാജാകൃഷ്ണൻ, ആർട്ട് : അജയ് മങ്ങാട്, പ്രോജക്റ്റ് ഡിസൈനർ : സുനിൽ സിംഗ്, വസ്ത്രാലങ്കാരം : സുജിത്ത് മട്ടന്നൂർ , മേക്കപ്പ് : ജിത്തു പയ്യന്നൂർ, പി ആർ ഓ ആൻഡ് മാർക്കറ്റിംഗ് കൺസൽട്ടന്റ് : പ്രതീഷ് ശേഖർ & ടീം, സ്റ്റിൽസ് :രാഹുൽ തങ്കച്ചൻ, ടൈറ്റിൽ ഡിസൈൻ: ശരത് വിനു, പോസ്റ്റർ ഡിസൈൻ: മൂൺ മാമ എന്നിവരാണ്.

# റൈഫിൾ ക്ലബ്ബ്




ദിലീഷ് പോത്തൻ, അനുരാഗ് കശ്യപ്, വാണി വിശ്വനാഥ്,ദർശന രാജേന്ദ്രൻ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ആഷിഖ് അബുഛായാഗ്രഹണവും സംവിധാനവും നിർവഹിക്കുന്ന ചിത്രമാണ് റൈഫിൾ ക്ലബ്'.ഹനുമാൻ കൈന്റ്, സെന്ന ഹെഡ്ഗെ, നതേഷ് ഹെഡ്ഗെ, നവനി, റംസാൻ മുഹമ്മദ്, ഉണ്ണിമായ, വിജയരാഘവൻ, വിഷ്ണു അഗസ്ത്യ, സുരേഷ് കൃഷ്ണ,പരിമൾ ഷൈസ്, സുരഭി ലക്ഷ്മി, വിനീത് കുമാർ, നിയാസ് മുസലിയാർ, കിരൺ പീതാംബരൻ, റാഫി, പ്രശാന്ത് മുരളി, രാമു, പൊന്നമ്മ ബാബു, ബിപിൻ പെരുമ്പള്ളി, വൈശാഖ്, സജീവൻ, ഇന്ത്യൻ, മിലൻ, ചിലമ്പൻ, ആലീസ്, ഉണ്ണി മുട്ടം, ഭാനുമതി, തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ.

ഒ.പി.എം സിനിമാസിന്റെ ബാനറിൽ ആഷിഖ് അബു, വിൻസന്റ് വടക്കൻ, വിശാൽ വിൻസന്റ് ടോണി എന്നിവർ ചേർന്ന് നിർമ്മിക്കുന്ന "റൈഫിൾ ക്ലബ്" എന്ന ചിത്രത്തിലൂടെ അനുരാഗ് കശ്യപ് മലയാളത്തിൽ അരങ്ങേറ്റം കുറിക്കുന്നു.

ദിലീഷ് കരുണാകരൻ, ശ്യാം പുഷ്കരൻ, ഷറഫു, സുഹാസ് എന്നിവർ ചേർന്ന് തിരക്കഥ സംഭാഷണം ഒരുക്കുന്നു. മായാനദിക്ക് ശേഷം ആഷിഖ് അബു, ശ്യാം പുഷ്കരൻ, ദിലീഷ് കരുണാകരൻ ടീം ഒന്നിക്കുന്നു. അജയൻ ചാലിശ്ശേരിയാണ് 'റൈഫിൾ ക്ലബ്ബി'ന്റെ പ്രൊഡക്ഷൻ ഡിസൈനർ.സംഗീതംറെക്സ് വിജയൻ, പ്രൊഡക്ഷൻ കൺട്രോളർകിഷോർ പുറക്കാട്ടിരി,മേക്കപ്പ് റോണക്സ് സേവ്യർ,വസ്ത്രാലങ്കാരംമഷർ ഹംസ, എഡിറ്റർവി സാജൻ,ചീഫ് അസോസിയേറ്റ് ഡയറക്ടർഹരിഷ് തൈക്കേപ്പാട്ട്,ബിപിൻ രവീന്ദ്രൻ,സംഘട്ടനം സുപ്രീം സുന്ദർ,സ്റ്റിൽസ്റോഷൻ, അർജ്ജുൻ കല്ലിങ്കൽ,പി ആർ ഒഎ എസ് ദിനേശ്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# സോണി ഇന്ത്യ ബ്രാവിയ 9 ടിവി സീരിസ് അവതരിപ്പിച്ചു

**കൊച്ചി:** സോണി ഇന്ത്യ, ഏറ്റവും പുതിയ ഫ്ളാഗ്ഷിപ്പ് ബ്രാവിയ 9 മിനി എൽഇഡി ടെലിവിഷൻ സീരീസ് അവതരിപ്പിച്ചു. എക്സ്ആർ ബാക്ക് ലൈറ്റ് മാസ്റ്റർ ഡ്രൈവും, നൂതന എഐ പ്രോസസർ എക്സ്ആറും സംയോജിപ്പിച്ച് സമാനതകളില്ലാത്ത ചിത്ര നിലവാരവും മികച്ച ഓഡിയോ അനുഭവവും നൽകുന്ന തരത്തിലാണ് ബ്രാവിയ 9 രൂപകൽപന ചെയ്തിരിക്കുന്നത്.



പ്രകൃതിദൃശ്യങ്ങൾ സമ്പൂർണ്ണ വിശദാംശങ്ങളോടെ പുനർനിർമ്മിക്കാൻ കഴിയുന്ന ഹൈ പീക്ക് ലുമിനൻസ് സങ്കേതിക വിദ്യയും പുതിയ ടിവി സീരീസിലുണ്ട്. സ്റ്റുഡിയോ കാലിബ്രേറ്റഡ് മോഡ് ആണ് മറ്റൊരു പ്രധാന ഫീച്ചർ. നിലവിലുള്ള നെറ്റ്ഫ്ളിക്സ് അഡാപ്റ്റീവ് കാലിബ്രേറ്റഡ് മോഡ്, സോണി പിക്ചേഴ്സ് കോർ കാലിബ്രേറ്റഡ് മോഡ് എന്നിവയ്ക്ക് പുറമേ പ്രൈം വീഡിയോ കാലിബ്രേറ്റഡ് മോഡും ബ്രാവിയ 9 സീരീസിൽ സജ്ജീകരിച്ചിട്ടുണ്ട്.

ഡോൾബി വിഷൻ, ഡോൾബി അറ്റ്മോസ് തുടങ്ങിയ നൂതന ഓഡിയോ, വിഷൽ സാങ്കേതികവിദ്യകളെയും ബ്രാവിയ 9 സീരീസ് പിന്തുണയ്ക്കുന്നു. ഇത് ഡിസ്നി പ്ലസ്, പ്രൈം വീഡിയോ, നെറ്റ്ഫ്ളിക്സ്, മറ്റ് ജനപ്രിയ സ്ട്രീമിംഗ് പ്ലാറ്റ്ഫോമുകൾ എന്നിവയിൽ മികച്ച കാഴ്ചാനുഭവം ഉറപ്പാക്കുന്നു. സോണി പിക്ചേഴ്സ് സിനിമകളുടെ വിശാലമായ ലൈബ്രറിയിലേക്ക് പ്രവേശനം നൽകുന്ന സോണി പിക്ചേഴ്സ് കോർ പ്ലാറ്റ്ഫും ബ്രാവിയ 9 സീരീസ് അവതരിപ്പിക്കുന്നു. 400,000 സിനിമകളിലേക്കും, 10,000 ആപ്പുകളിലേക്കും ഗെയിമുകളിലേക്കും ആക്സസ് നൽകുന്ന ഗൂഗിൾ ടിവിയും ബ്രാവിയ 9 ടിവി സീരിസിലുണ്ട്.

പിഎസ്5ന് അനുയോജ്യമായ ഒരു ടോപ്പ്ടയർ ഗെയിമിംഗ് ടെലിവിഷൻ ആണ് ബ്രാവിയ 9. മുകളിൽ ബീം ട്വീറ്ററും വശങ്ങളിൽ ഫ്രെയിം ട്വീറ്ററുകളും ഉൾക്കൊള്ളുന്ന അക്കോസ്റ്റിക് മൾട്ടി ഓഡിയോ പ്ലസും ബ്രാവിയ 9 സീരീസിൽ ഉൾകൊള്ളിച്ചിട്ടുണ്ട്.

പുതിയ ബ്രാവിയ 9 സീരീസ് 189 സെ.മീ (75), 215 സെ.മീ (85) സ്ക്രീൻ വലിപ്പങ്ങളിൽ ലഭ്യമാകും. 75എക്സ്ആർ90 മോഡലിന് 449,990 രൂപയും, 85എക്സ്ആർ90 മോഡലിന് 599,990 രൂപയുമാണ് വില. ഇരു മോഡലുകളും ഇപ്പോൾ മുതൽ ഇന്ത്യയിലെ എല്ലാ സോണി സെൻററുകളിലും പ്രമുഖ ഇലക്ട്രോണിക് സ്റ്റോറുകളിലും ഇകൊമേഴ്സ് പോർട്ടലുകളിലും ലഭ്യമാവും.

# ബീക്കൺ ഫ്ളെക്സി ക്യാപ് പിഎംഎസ് പോർട്ട്ഫോളിയോ അവതരിപ്പിച്ച് ജിയോജിത്

**കൊച്ചി:** ജിയോജിത്തിന്റെ പോർട്ട്ഫോളിയോ മാനേജ്മെന്റ് സേവന വിഭാഗം നിക്ഷേപകർക്കായി 'ബീക്കൺ' എന്ന പേരിൽ ഫ്ലെക്സി ക്യാപ് പോർട്ട്ഫോളിയോ അവതരിപ്പിച്ചു. വിപണി സാഹചര്യങ്ങൾക്കനുസരിച്ച് വിവിധ അനുപാതങ്ങളിൽ മുൻനിര, മധ്യനിര, ചെറുകിട ഓഹരികളിൽ നിക്ഷേപിക്കുന്നവയാണ് ഫ്ലെക്സി ക്യാപ് പദ്ധതികൾ. നിക്ഷേപകർക്ക് സമ്പത്ത് സൃഷ്ടിക്കാൻ സഹായിക്കുന്ന തരത്തിൽ സ്ഥിരതയുടെയും വളർച്ചാ സാധ്യതയുടെയും ഒരു സങ്കലനമാണ് ബീക്കൺ പിഎംഎസ്പോർട്ട്ഫോളിയോയെന്ന് ജിയോജിത്ത് പോർട്ട്ഫോളിയോ ആൻഡ് മാനേജ്ഡ് അസറ്റ്സ് സിഇഒ ഗോപിനാഥ് നടരാജൻ പറഞ്ഞു.നിക്ഷേപകർക്ക് വിവിധ വിപണിമൂല്യത്തിലുള്ള കമ്പനികളിൽ ഒരുമിച്ച് നിക്ഷേപിക്കാനുള്ള അവസരം ലഭിക്കുന്ന തരത്തിലാണ് ബീക്കൺ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഈ സമീപനം വിപണിയുടെ എല്ലാ മേഖലകളിലേയും നേട്ടങ്ങൾ നിക്ഷേപകർക്ക് ലഭ്യമാക്കുന്ന സന്തുലിതമായ ഒരു പോർട്ട്ഫോളിയോ ഉറപ്പാക്കുന്നു. ഗവേഷണത്തിന്റേയും വിശകലനത്തിന്റേയും അടിസ്ഥാനത്തിൽ ശ്രദ്ധാപൂർവം തിരഞ്ഞെടുത്ത, ഉയർന്ന വളർച്ചയുള്ള കമ്പനികളെ കേന്ദ്രീകരിച്ചാണ് പോർട്ട്ഫോളിയോ ആസൂത്രണം ചെയ്തിരിക്കുന്നത്. ഗുണനിലവാരത്തിന് നൽകുന്ന ഈ ഊന്നൽ, ദീർഘകാലാടിസ്ഥാനത്തിൽ സ്ഥിരതയാർന്ന വളർച്ചയ്ക്കുള്ള സാധ്യത ഉറപ്പാവിപണിയിൽ സമയാസമയങ്ങളിൽ പ്രകടമാകുന്ന മാറ്റങ്ങൾ ഉപയോഗപ്പെടുത്തുകയും നഷ്ട സാധ്യതകൾ കുറയ്ക്കുകയും വഴി പോർട്ട്ഫോളിയോയുടെ മികച്ച പ്രകടനം ഉറപ്പാക്കുന്നു. വിപണിയിലെ കയറ്റിറക്കങ്ങൾ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യുന്നതിലൂടെ നിക്ഷേപകർക്ക് നഷ്ട സാധ്യത കുറച്ച് മികച്ച വരുമാനം ബീക്കൺ ഉറപ്പാക്കുന്നുവെന്നും ഗോപിനാഥ് നടരാജൻ പറഞ്ഞു.



# വർമ്മ പ്രൈം ഉദ്ഘാടനം ചെയ്തു

**കൊച്ചി:** വർമ്മ ഹോംസിന്റെ കൊച്ചി വൈറ്റിലയിലെ ലക്ഷ്വറി പ്രൊജക്ട് വർമ്മ പ്രൈമിന്റെ ഉദ്ഘാടനം ഹൈബി ഈഡൻ എം പി നിർവഹിച്ചു. പ്രൊജക്ട് സൈറ്റിൽ നടനന ചടങ്ങിൽ തൃപ്പൂണിത്തുറ മുൻസിപ്പൽ ചെയർപേഴ്സൺ രമാ സന്തോഷ്, കൗൺസിലർ ഷോണിമ നവീൻ ,വർമ്മ ഹോംസ് എംഡി കെ അനിൽ വർമ്മ, പർച്ചേയ്സ് സീനിയർ മാനേജർ രേഖ പ്രമോദ്, ജി എം പ്രൊജക്ട്സ് ബിന്ദു നൈനാൻ, കസ്റ്റമർ കെയർ സീനിയർ മാനേജർ അഞ്ജലി ഹരീഷ്, ജി എം മാർക്കറ്റിംഗ് ആന്റ് കസ്റ്റമർ കെയർ സുരേഷ് ടി എസ്, സീനിയർ മാനേജർ ഫിനാൻസ് ആന്റ് എച്ച് ആർ ജിതേഷ് കെ എസ്, ഓപ്പറേഷൻസ് മാനേജർ വൈശാഖ് വർമ്മ, മാനേജർ പ്ലാനിംഗ് ആരതി വർമ്മ, വർമ്മ ഹോംസ് ഡയറക്ടർ ഡോ. മിനി വർമ്മ എന്നിവരും ഫ്ളാറ്റ് ഉടമകളും പങ്കെടുത്തു.

# ഇകോം എക്സ്പ്രസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ഇന്ത്യയിലെ ഏക പ്യുവർപ്ലേ ബിടുസി ഇകൊമേഴ്സ് ലോജിസ്റ്റിക്സ് സേവന ദാതാക്കളായ ഇകോം എക്സ്പ്രസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടു രേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. ഐപിഒയിലൂടെ 2600 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്.

1284.50 കോടി രൂപയുടെ പുതിയ ഓഹരികളും നിലവിലുള്ള നിക്ഷേപകരുടെ 1315.50 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.

ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, ഐഐഎഫ്എൽ സെക്യൂരിറ്റീസ് ലിമിറ്റഡ്, കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ്, യുബിഎസ് സെക്യൂരിറ്റീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

